പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6383

31.10.2011 ൽ
മറുപടിയ്ക്ക്

## എമർജിംഗ് കേരള 2012

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി)

എ) ഐ.ടി. രംഗത്തുള്ള നിക്ഷേപ സമാഹരണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ നിലവിൽ നടപ്പിലാക്കിയിട്ടുള്ളത് ;

എ) ഐ.ടി. രംഗത്തുള്ള നിക്ഷേപ സമാഹരണത്തിന് വേണ്ടി പ്രധാന കേന്ദ്രങ്ങളായ ബാംഗ്ലൂർ, ഡൽഹി, ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ റോഡ് ഷോകൾ നടത്തുക, ദേശീയ, അന്തർദേശീയ മേളകളായ NASSCOM Summit, GITEX, CeBIT എന്നിവയിൽ പങ്കെടുക്കൽ, NASSCOM പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് IT/ITeS വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുക തുടങ്ങിയ പദ്ധതികൾ നടന്നുവരുന്നു. കൂടാതെ ഐ.ടി. പദ്ധതികൾക്ക് വേണ്ടി സ്വകാര്യ ഓഹരി പങ്കാളിത്തം വഴി ഏകദേശം 200 കോടി രൂപയുടെ ഓഹരി മൂലധനം സമാഹരിക്കുന്നതിനുള്ള അഡ്വൈസറായി SBI Caps നെ KSITIL ചുമതലപ്പെടുത്തിയിട്ടുണ്ട്.

PPP Mode വഴിയുള്ള നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിച്ചും ലോകനിലവാരത്തിലുള്ള സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചും IT destination എന്ന നിലയിലുള്ള കേരളത്തിന്റെ സാധ്യത വർദ്ധിപ്പിക്കുമെന്നു കരട് ഐ.ടി. നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഐ.ടി. വ്യവസായത്തിന്റെ നാഴികക്കല്ലാകും എന്ന് പ്രതീക്ഷിക്കപ്പെടുന്ന സ്മാർട്ട്സിറ്റി പദ്ധതിയുടെ നിർമ്മാണം 2011 ഒക്ടോബർ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്.

ബി) 'എമർജിംഗ് കേരള 2012' എന്ന നിക്ഷേപക സംഗമം മുൻ സർക്കാരിന്റെ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർച്ച മാത്രമാണോ ?

ബി) എമർജിംഗ് കേരള 2012 എന്ന നിക്ഷേപ സംഗമം ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർച്ചയല്ല. കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു നിക്ഷേപക ദൗത്യമാണ് 'എമർജിംഗ് കേരള'. ഇത് രണ്ടുവർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യത്തെ നിക്ഷേപക സംഗമം 'എമർജിംഗ് കേരള 2012' അടുത്ത വർഷം നടത്താൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ